# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2)520/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസി.ഡവലപ് മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2)520/2023 തീയ്യതി: 28/04/2023

## തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-04-2022 മുതൽ 11-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 13-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-04-2023 | 13-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി സീനത്ത് പി. എ, ഓഡിറ്റ് ഓഫീസർ
ശ്രീ. സിജൂ പി ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.കെ.കൃഷ്ണകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജോളി വിജയൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയമാല | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.വർഗ്ഗീസ് ഈപ്പൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 04-10-2021 |
| ശ്രീമതി.റീന.ഒ.ടി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 05-10-2021 | 31-03-2022 |
| ശ്രീമതി.നിഷി.പി.ദേവദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.രഘുനാഥൻ.പി.എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2021 | 30-06-2021 |
| ശ്രീമതി.ജലജ.വി.എസ്. | വ്യവസായ വികസന ഓഫീസർ | 01-07-2021 | 15-08-2021 |
| ശ്രീ.സുധീർ.പി. | വ്യവസായ വികസന ഓഫീസർ | 16-08-2021 | 06-03-2022 |
| ശ്രീ.നിബിൻ.കെ.എൻ | വ്യവസായ വികസന ഓഫീസർ | 07-03-2022 | 31-03-2022 |
| ശ്രീ.സനീർ അബ്ദു | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആനി .എൻ.ഒ. | എസ്.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീകല.കെ | സി.ഡി.പി.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീല | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റോഷ് എം. വി | സൂപ്രണ്ട്, സി.എച്ച്.സി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-9-1 |
| 11 | ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം | 1-9-2 |
| 12 | വരവ് രജിസ്റ്റർ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-9-3 |
| 13 | വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-9-4 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-9-5 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-9-6 |
| 16 | ഡിപ്രിസിയേഷൻ - കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-9-7 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-9-8 |
| 18 | അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല | 1-9-9 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-9-10 |
| 20 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -പൊരുത്തപ്പട്ടുത്തി സൂക്ഷിച്ചിട്ടില്ല | 1-9-11 |
| 21 | ബാങ്ക് റീകൺസീലിയേഷൻ പത്രിക-നീക്കിയിരിപ്പിൽ  വ്യത്യാസം | 1-9-12 |
| 22 | നീക്കിയിരിപ്പ് തുക തുല്യമല്ല | 1-9-13 |
| 23 | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-10 |
| 24 | PMAY-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 25 | പദ്ധതി രൂപീകരണം-കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിന് നൽകിയത് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-12 |
| 26 | വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 1-13 |
| 27 | വനിത സ്വയം സഹായ ഗ്രൂപ്പുകൾക്ക് ധനസഹായം (ജനറൽ)-സബ്സിഡി | 1-14 |

| | | |
|---|---|---|
| | തുക ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ് | |
| 28 | കണ്ടനികളപ്പാടം പാടശേഖരത്തിൽ മോട്ടോർ ഷെഡ് മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ-അപാകതകൾ | 1-15 |
| 29 | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം-രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 30 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നഴ്സറി | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1 | 237780000 | 238513200 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.03.2022 | 1(2) | 217261224 | 215779932 |

## 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2022 | 06-06-22 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7321354 |
| വരവ് | 57247220 |
| ആകെ | 64568574 |
| ചെലവ് | 59470793 |
| നീക്കിയിരിപ്പ് | 5097781 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (എ.സി.ആർ പ്രകാരം) | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 18802000 | 18802000 | 18263632 | 538368 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 14406000 | 14406000 | 13045086 | 1360914 |
| മെയിന്റനൻസ്-റോഡിതരം | 0 | 5579599 | 5579599 | 4172126 | 1407473 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7445360 | 7445360 | 7208965 | 236395 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | | 3835028 | 3835028 | 3812253 | 22775 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| 81 | 78875673 | 75 | 47599631 | 60.35 | 92.59 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2023 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

വാർഷികകണക്കുകളുമായി ബന്ധപ്പെട്ടും രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ചും ആഭ്യന്തരനിയന്ത്രണത്തിലുള്ള ന്യൂനതകൾ ഖണ്ഡിക 1-9 ആയി ചേർത്തിട്ടുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7446 | 534147 (663 രൂപ പലിശ അടക്കം) | 541613 | 541613 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 0 | 0 | 0 | 0 |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. മേൽപറഞ്ഞ പ്രകാരമുള്ള മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തി ബാങ്ക് ബുക്ക് സൂക്ഷിക്കുകയോ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ കണക്കിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-9 വാർഷിക ധനകാര്യ പത്രിക പരിശോധന

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം. 1/11.4.23)

## 1-9-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-9-2 ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6 ൽ

ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 31800 | 17.12.2021 | 42100004 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9-3 വരവ് രജിസ്റ്റർ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)).

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 13003 | 9375 | 3628 |

## 1-9-4 വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-9-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)2223573 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)360794 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-9-7 ഡിപ്രിസിയേഷൻ - കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 3656238 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-9-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

### 1-9-9 അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-9-10 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-9-11 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ -പൊരുത്തപ്പടുത്തി സൂക്ഷിച്ചിട്ടില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 1 | 320100121 Centrally Sponsored Scheme Contractors ICDS | 35791 |
| 2 | 320100126 Centrally Sponsored Scheme PYCKA | 308567 |
| 3 | 320200399 Grants Funds & Contributions For Specific Purposes- Other Than Development Fund And State Sponsore | 1032609 |
| 4 | 320300199 Grants Funds & Contributions For Specific Purposes- Other | 244071 |

| | | |
|---|---|---|
| | Govt.Agencies | |
| 5 | 320700203 Contributions For Joint Venture Projects -From Village Panchayaths | 1989245 |
| 6 | 320700205 Contributions For Joint Venture Projects -From District Panchayath | 294156 |
| 7 | 350200301 Recoveries Payable -COVID | 98600 |

## 1-9-12 ബാങ്ക് റീകൺസീലിയേഷൻ പത്രിക-നീക്കിയിരിപ്പിൽ വ്യത്യാസം

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ പാസ്സ് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം കാണുന്നു

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|
| | Thanyam Panchayath Service Co.op. Kank | 103100010002046 | 1698 | 1765 |

## 1-9-13 നീക്കിയിരിപ്പ് തുക തുല്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700203 Contributions For Joint Venture Projects -From Village Panchayaths | Contributions For Joint Venture Projects -From District Panchayath | 1989245 | 450610106 | UBI-IAY Plan Share | 1349538 |
| 2 | 320700205 | Contributions For Joint Venture Projects -From District Panchayath | 294156 | 450610107 | UBI State Share | 77199 |

## 1-10 വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | നൽകിയ തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1. | 94/22, കോടംകണ്ടത്ത് ലിങ്ക് റോഡ് നിർമ്മാണം | Voucher No.22100637/12.01.22-500000 | മണലൂർ ഗ്രാമപഞ്ചായത്തിന് കൈമാറി |
| 2. | 56/22, ജലസമൃദ്ധി | Voucher No.22100365/18.10.21-500000/- | ചാഴൂർ ഗ്രാമപഞ്ചായത്തിന് കൈമാറി |
| | " | Voucher No.22100614/28.01.22-734100/- | " |
| | " | Voucher No.22100613/28.01.22-1391400/- | താന്ന്യം ഗ്രാമപഞ്ചായത്തിന് കൈമാറി |
| | " | Voucher No.22100744/26.03.22-444019/- | " |
| 3 | 87/22, ഗാന്ധി നഗർ കോളനി കുടിവെള്ള പദ്ധതി | Voucher No-22106815/24.03.22-500000/- | ഗ്രാമപഞ്ചായത്തിന് കൈമാറി |
| | " | ചെക്ക് നം.-3341491/25.03.22-320000/- | " |
| 4 | 62/22, ബാങ്ക് കോൾ റോഡ് ടാറിങ്ങ് | Voucher നം.-22100723/26.03.22-305500/- | മണലൂർ ഗ്രാമപഞ്ചായത്തിന് കൈമാറി (393591/- രൂപ ചെലവഴിച്ചിട്ടുണ്ട്.) |
| 5 | 92/22, അയ്യപ്പൻ കാവ് പടിഞ്ഞാറെ നട റോഡ് കാന നിർമ്മാണം | ബിൽ നം.21/14.01.22-100000 | മണലൂർ ഗ്രാമപഞ്ചായത്തിന് കൈമാറി |
| | " | ബിൽ നം.03/12.11.21-350000/- | "(447501/- രൂപ വിനിയോഗിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 2/12.04.2023)

## 1-11 PMAY-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

തൻവർഷം ഭവന നിർമ്മാണം ആരംഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | Sc/GENERAL/M | നൽകിയ തുക |
|---|---|---|---|
| 1 | പ്രജ്ഞ<br>മാളുത്തറഹൗസ്,<br>പെരിങ്ങോട്ടുകര | Sc | 230000/- |
| 2 | സജി കൊച്ചക്കൻ<br>നടുവിൽപുര ഹൗസ്<br>പെരിങ്ങോട്ടുകര | Sc | 376000/- |
| 3 | സുരഭി<br>കല്ലായിൽ<br>എറവ് | Sc | 118000/- |
| 4 | ലീല സോമൻ<br>പാട്ടു ഹൗസ്<br>മനക്കൊടി | Sc | 328000/- |
| 5 | ഹസീന<br>കാക്കറാലിക്കൽ ഹൗസ്<br>കുറുമ്പിലാവ് | M | 278000/- |
| 6 | വത്സല<br>ചാഴൂപുരക്കൽ ഹൗസ്<br>ആലപ്പാട് | Sc | 230000/- |
| 7 | സന്ധ്യ ധർമ്മരാജൻ<br>തിരുത്തിയിൽ<br>മണലൂർ | Sc | 278000/- |
| 8 | ബിന്ദു സത്യൻ<br>വാക്കാട്ട്<br>കാഞ്ഞാണി | Sc | 160000 |
| 9 | ബിന്ദു<br>ആളൂർ ഹൗസ്<br>പുത്തൻപീടിക | Sc | 230000 |
| 10 | രജിത<br>മാളുത്തറ<br>പെരിങ്ങോട്ടുകര | Sc | 230000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 3/12.04.2023)

1-12 പദ്ധതി രൂപീകരണം-കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിന് നൽകിയത് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
പ്രോജക്റ്റ് നം. 02/22

വിവിധ ഗ്രാമപഞ്ചായത്തുകളിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് (6എണ്ണം) യീൽഡ് ടെസ്റ്റ് നടത്തുന്നതിന് വൗച്ചർ നം. 22100414/27.10.21 പ്രകാരം 43260/- രൂപ തൃശ്ശൂർ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. യീൽഡ് ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (04/12.04.23) നൽകിയതിന് 3 പ്രവൃത്തികളുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. റിപ്പോർട്ട് ഹാജരാക്കാത്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

1.ചാഴൂർ വെണ്ണീരായി എസ്.സി കോളനി കുടിവെള്ള പദ്ധതി
2.ചാഴൂർ തീണ്ടാറ്റ് എസ്.സി കോളനി കുടിവെള്ള പദ്ധതി
3.അരിമ്പൂർ ഗ്രാമപഞ്ചായത്ത് വാർഡ്-4 ശാന്തി നഗർ കുടിവെള്ള പദ്ധതി

മേൽ പ്രവൃത്തികളുടെ യീൽഡ് ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-13 വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | നൽകിയ തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 15/22, IKM BlockShare | വൗച്ചർ നം. 22100093/27.05.21-41483/- | IKM ന് നൽകിയത് |
| 2 | 08/22, Can, Thrissur | വൗച്ചർ നം. 22100636/12.01.22-100000/- | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയത് |

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 5/13.04.2023)

## 1-14 വനിത സ്വയം സഹായ ഗ്രൂപ്പുകൾക്ക് ധനസഹായം (ജനറൽ)-സബ്സിഡി തുക ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്

പ്രോജക്റ്റ് നം.33/22

നിർവ്വഹണോദ്യോഗസ്ഥൻ -വ്യവസായ വികസന ഓഫീസർ

അടങ്കൽ-300000/- (പദ്ധതി വിഹിതം ജനറൽ)

വൗച്ചർ നം. 22100774/15.02.23-300000/-

തൻവർഷം അഞ്ച് പേരടങ്ങിയ കേരഫോ എന്ന ഗ്രൂപ്പിന് ഓയിൽ മിൽ തുടങ്ങുന്നതിന് പെരിങ്ങോട്ടുകര സർവ്വീസ് സഹകരണ ബാങ്ക് 17.12.21 ൽ 586000/- രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന് സബ്സിഡിയിനത്തിൽ 300000/- രൂപ കൈമാറിയിട്ടുണ്ട്. വായ്പ പാസ് ബുക്ക് പരിശോധിച്ചതിൽ 29.03.23 ൽ 377229/- രൂപ ഇനിയും അടക്കുവാൻ ബാക്കിയുണ്ട്. സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും, വായ്പതുക 300000/- രൂപ നീക്കിയിരിപ്പാകുമ്പോൾ സബ്സിഡി തുക വായ്പയിലേക്ക് ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് (06/13.04.23) സബ്സിഡി തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നം. 6/13.04.2023)

## 1-15 കണ്ടനികളപ്പാടം പാടശേഖരത്തിൽ മോട്ടോർ ഷെഡ് മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. ഡയറക്ടർ (കൃഷി)

പ്രോജക്റ്റ് നമ്പർ - 70/22

പദ്ധതി-താന്ന്യം ഗ്രാമ പഞ്ചായത്ത് കണ്ടനികളപ്പാടം പാടശേഖരത്തിൽ മോട്ടോർ ഷെഡ് മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും 17,50,000/- രൂപ (വൗച്ചർ നം. 22100260/3.9.21, 22100746 /31.1.22) ചെലവഴിച്ച് മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ

2. മോട്ടോർ സ്റ്റോക്കിലെടുത്തതിന്റെയും പാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ

3. പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (7/13.4.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മോട്ടോർ ഷെഡിന്റെ പണി പൂർത്തിയാക്കാത്തതിനാൽ മോട്ടോർ പാടശേഖരസമിതിയുടെ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും മോട്ടോർ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും അസി. ഡയറക്ടർ, കൃഷി ഓഫീസിൽ നിന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമൊരുക്കാതെ മോട്ടോർ വാങ്ങിയത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയാണ്.
രേഖകൾ ഹാജരാക്കേണ്ടതും മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതു വരെയും ചെലവു തുക 17,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം-രേഖകൾ ഹാജരാക്കിയില്ല

നി. ഉ – അസി.ഡയറക്ടർ (കൃഷി )
പ്രോജക്റ്റ് നമ്പർ - 54/22

പദ്ധതി - പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

പദ്ധതി പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | തുക | വൗച്ചർ നം. തിയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | 198718 | 22100188/26.7.21 | മോട്ടോർ സ്റ്റോക്കിലെടുത്തതിന്റെയും പാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, |
| 2 | 674557 | 22100190/3.8.21 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽബിൽ, സ്റ്റോക്കിലെടുത്തതിന്റെയും പാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, |
| 3 | 300443 | 22100189/3.8.21 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയും പാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ |
| 4 | 360600 | 22100191/26.7.21 | സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ |

| | | | |
|---|---|---|---|
| 5 | 330487 | 22100407/20.10.21 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ |
| 6 | 75978 | 22100406/20.10.21 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ |
| 7 | 330487 | 22100405/20.8.21 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ |
| 8 | 330487 | 22100582/1.1.22 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ |
| 9 | 330487 | 22100785/16.2.22 | കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെയുംപാടശേഖര സമിതിക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ, പാടശേഖര സമിതിയുമായി ഏർപ്പെട്ട കരാർ |
| | 29,32,244 | | |

രേഖകൾ ഹാജരാക്കവാൻ ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (7/13.4.23) നൽകിയെങ്കിലും മറുപടിലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 29,32,244 രൂപ തടസ്സപ്പെടുത്തുന്നു

## 1-17 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നഴ്സറി

നി. ഉ -അസി.ഡയറക്ടർ (കൃഷി)

പ്രോജക്റ്റ് നമ്പർ - 53/22

പദ്ധതി- ഭക്ഷ്യ സുരക്ഷ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നഴ്സറി

പദ്ധതിക്ക വേണ്ടി തൻവർഷം 450000രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെലവഴിച്ചതിന്റെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| തുക | വൗച്ചർ നം. തിയതി | റിമാർക്സ് |
|---|---|---|
| 100000 | 22100534/6.12.21 | മണ്ണ നിരപ്പാക്കുന്നതിന് റോയലിറ്റി യിനത്തിൽ ജിയോളജി വകുപ്പിന് കൈമാറിയത് |
| 25000 | 22100830/29.03.22 | ട്രെയിനിംഗ് പ്രോഗ്രാം |

| | | |
|---|---|---|
| 150586 | 22100828/29.3.22 | നഴ്സറിയിലേക്ക് സാധനങ്ങൾ വാങ്ങിയത് |
| 13450 | 22100829/29.3.22 | |
| 32200 | 22100831/29.3.22 | |
| 48944 | 22100832/30.3.22 | |
| 5000 | 22100833/30.3.22 | |
| 12840 | 22100837/30.3.22 | |
| 2000 | 22100838/30.3.22 | |
| 30775 | 22100839/30.3.22 | |
| 29205 | 22100840/30.3.22 | |

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

1. രേഖകൾ ഹാജരാക്കിയില്ല

| ക്രമ നം. | തുക | ട്രഷറി ബിൽ നം. തിയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | 32200 അഗ്രോഫിൻ ലാബ് Inv.no86/25.3.22,19800,Inv.no73 /5.3.22,12400 | 19/30.3.22 | വിത്തുകൾ,റെഡ് സോയിൽ- സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ |
| 2 | 25000 അഗ്രോസർവ്വീസ് സെന്റർ Inv.no373/26.7.2021 | 20/30.3.22 | ട്രെയിനിംഗ് പ്രോഗ്രാം- ചെലവിനാധികാരികമായ രേഖകൾ |

2.സ്ഥാപനം രജിസ്റ്റർ ചെയ്തിരിക്കുന്നതും ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നതും " അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ജൈവിക നേഴ്സറി" എന്ന പേരിലാണ്. സ്ഥാപനത്തിന് ആദ്യഘട്ടത്തിൽ ആവശ്യമായ സാധനങ്ങളും പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിട മുറി ,ഇലക്ട്രിസിറ്റി എന്നി സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് നല്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള ഈ സ്ഥാപനം നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിപ്പുകാരുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതാണ്.

ഈ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാപനമാണോ അതോ വനിത സംഘത്തിന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നല്കുക മാത്രമാണോ നല്കുന്നത് എന്ന് വ്യക്തമല്ല. വനിത സംഘത്തിന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നല്കുക മാത്രമാണ് ചെയ്തതെങ്കിൽ സ്ഥാപനത്തിന്റെ പേരിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് എന്ന് ചേർത്തത് എപ്രകാരമെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തി ബ്ലോക്ക് പഞ്ചായത്തും ഈ സ്ഥാപനം നടത്തുന്നവരുമായി കരാറിലേർപ്പെടേണ്ടതും വരവ് ചെലവു കണക്കുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി ( 8/13.4.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക വിനയോഗിക്കാൻ അവശേഷിക്കുന്നില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളായി 31.03.22 ലെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുയോ തിരിച്ചടക്കുകയോ ചെയ്ത് ക്രമീകരിച്ചിട്ടുള്ളതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല.

### 4-6 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

### 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

### 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | 3-7,3-8 | 27,760 | ശ്രീ നരേന്ദ്രൻ വി. ആർ എ.ഡി.എ, റിട്ടയേഡ് | 12202100035 തീ. 23/11/22 |

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57247220 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | - |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4682244 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 17,50,000 | ശ്രീമതി ജയമാല കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-16 | 29,32,244 | ശ്രീമതി ജയമാല കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | 4682244 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയമാല കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അന്തിക്കാട് | ഐക്കര വീട്, കാണിച്ചിറ, കുരീക്കാവ് വീട്, തിരുവാങ്കുളം-682305 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 2005-06 | എൽ.എഫ്.ടി(ബിപി)-386/11 തീ.17.09.11/ 15.10.11 | 2 | 3-1, 3-4 | |
| 2 | 2006-07 | എൽ.എഫ്.ടി(ബിപി)-387/11 തീ.17.09.11/ 15.10.11 | 3 | 3-4, 3-5, 3-6 | |
| 3 | 2007-08 | എൽ.എഫ്.ടി(ബിപി)-388/11 | 4 | 3-2, 3-3, 3-4, | |

| | | | | | |
|---|---|---|---|---|---|
| | | തീ.17.09.11/<br>15.10.11 | | 3-5(3) | |
| 4 | 2008-09<br>To<br>2010-11 | എൽ.എഫ്.ടി(ബിപി)-1475/12<br>തീ.05.02.13/<br>26.3.13 | 6 | 3-2, 3-5എ(2,4),<br>3-5എ-6(2, 3),<br>3-5ബി-7(3,4),<br>3-9(എ), 3-9(<br>ബി) | |
| 5 | 2011-12 | എൽ.എഫ്.ടി(ബിപി)-229/13<br>തീ.15.04.13/<br>3.08.13 | 4 | 3-5-1(5),<br>3-5-2(5),<br>3-6, 3-8 | |
| 6 | 2012-13 | എൽ.എഫ്.ടി(ബിപി)-1276/14<br>തീ.10.10.14/<br>12.11.14 | 1 | 3-1 | |
| 7 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-<br>1683/15<br>തീ.5.12.15/<br>7.1.16 | 2 | 3-2, 3-5(2) | |
| 8 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-<br>1001/17<br>തീ.09.08.17/<br>21.08.17 | 2 | 3-7, 3-8 | |
| 9 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-<br>127/19<br>തീ.04.04.19 | 1 | 3-10(4) | |
| 10 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ(ബിപി2)-<br>1029/19<br>തീ.20.08.19/<br>10.12.19 | 3 | 3-5(2), 3-10,<br>3-13(2) | |
| 11 | 2019-20 | കെ.എസ്.എ.ടി.എസ് ആർ<br>(പി2)545/2022 തീ. 23/06/2022 | 19 | 1-10 മുതൽ 1-28<br>വരെ | |
| 12 | 2020-21 | കെ.എസ്.എ.ടി.എസ് ആർ<br>(പി2)546/2022 തീ. 23/06/2022 | 25 | 1-10 മുതൽ 1-34<br>വരെ | |
| | ആകെ | | 28 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്